**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1584** **08-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഇ-ഡിസ്ട്രിക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇ-ഡിസ്ട്രിക് പദ്ധതിയുടെ പ്രായോഗിക തലത്തിലുള്ള പോരായ്മകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പ്രായോഗിക തലത്തിലുള്ള പോരായ്മകൾ യഥാസമയം പരിശോധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ കേരള സ്റ്റേറ്റ് ഐ ടി മിഷൻ മുഖാന്തരം നടപ്പിൽ വരുത്തുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത സംവിധാനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | സാധാരണക്കാർക്ക് സൗകര്യപ്രദമാവുന്ന വിധത്തിലാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ നിലവിൽ രൂപകല്പന ചെയ്തിരിക്കുന്നത്. റവന്യൂ വകുപ്പിൽ നിന്ന് ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം നൽകി വരുന്ന സേവനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും പൊതുജനങ്ങൾക്ക് ഏതെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് ഐ ടി മിഷന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നുണ്ട്. പ്രസ്തുത പോർട്ടൽ എങ്ങനെ ഉപയോഗിക്കാം എന്നത് സംബന്ധിച്ച വിശദമായ FAQ പോർട്ടലിൽ തന്നെ ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ റവന്യൂ വകുപ്പുകളിൽ നിന്നും നൽകുന്ന ഇ-സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ- ഇ സാക്ഷരത എന്ന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ക്ലബുകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയും വില്ലേജ് തല ജനകീയ സമിതികളുമായി ചേർന്ന് ഓരോ പൗരനേയും ഇ-സർവ്വീസുകൾ സംബന്ധിച്ച് സാക്ഷരരാക്കുകയാണ് ലക്ഷ്യം. |
| (സി) | പൊതുജനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ സേവനം മൊബൈൽ ഫോണിലും ഉപയോഗിക്കാൻ പര്യാപ്തമായ തരത്തിൽ ഇതിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരമുള്ള റവന്യൂ വകുപ്പിന്റെ സേവനങ്ങൾ നിലവിൽ മൊബൈൽ ഫോൺ വഴിയും ലഭ്യമാണ്. |
| (ഡി) | നിലവിൽ ഏത് കമ്പനിക്കാണ് പ്രസ്തുത സേവനം നൽകാൻ കരാർ | (ഡി) | സംസ്ഥാനത്തെ ഇ ഡിസ്ട്രിക്ട് പോർട്ടലിന്റെ വികസനവും പരിപാലനവും നിലവിൽ കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | നൽകിയിരിക്കുന്നതെന്നറിയിക്കുമോ? | | ഐ ടി മിഷന്റെ ചുമതലയിലാണ്. |

സെക്ഷൻ ഓഫീസർ